# روضة الخطباء

## റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

## ഉപദ്രവങ്ങൾ നീക്കുക

25/02/2022

بسم الله الرحمن الرحيم

- ഇസ്ലാമിന്റെ നല്ല ഗുണങ്ങളിൽ പെട്ടതാണ് ജനങ്ങൾക്ക് ഉപദ്രമുണ്ടാക്കുന്ന കാര്യങ്ങൾ ഒഴിവാക്കുക എന്നത്.
- ഫർദുകളും സുന്നത്തുകളും ചെയ്യുന്നതിന് പ്രതിഫലം ലഭിക്കുന്നതു പോലെ തന്നെ ഈ കാര്യത്തിനും പ്രതിഫലം ലഭിക്കും.
- **ഇബ്നു മുബാറക് (റഹി) പറഞ്ഞു;**

وَعَنْ عَبْدِ اللهِ بْنِ الْمُبَارَكِ رَحِمَهُ اللهُ فِي تَفْسِيرِ حُسْنِ الْخُلُقِ قَالَ : هُوَ طَلَاقَةُ الْوَجْهِ، وَبَذْلُ الْمَعْرُوفِ، وَكَفُّ الْأَذَى.

സൽ സ്വഭാവം എന്നത് മുഖ പ്രസന്നതയും, നന്മ ചെയ്യലും ഉപദ്രവങ്ങൾ തടയലുമാണ്

- **ഇസ്ലാം വന്നത് ഉപദ്രവങ്ങൾ നീക്കിക്കൊണ്ടാണ്.**

﴿ويَضَعُ عَنْهُمْ إِصْرَهُمْ والأَغْلالَ الَّتِي كانَتْ عَلَيْهِمْ﴾ (الأعراف ١٥٧)

- മറ്റുള്ളവരുടെ പ്രയാസങ്ങൾ നീക്കുമ്പോഴും  നാം കാരണം മറ്റുള്ളവർക്ക് ഉപദ്രവങ്ങൾ ഇല്ലാതെയാകുമ്പോഴുമാണ് ഒരു നാട്ടിൽ സമധാനം ലഭിക്കുന്നത്.

❖ **മറ്റുള്ളവർക്ക് ഉപദ്രവം ഉണ്ടാക്കാതിരിക്കുക എന്നത് സ്വദഖയാണ്.**

عَنْ أَبِي ذَرٍّ، قالَ: سَأَلْتُ النَّبِيَّ ﷺ أيُّ العَمَلِ أفْضَلُ؟ قالَ: إيمانٌ باللَّهِ، وجِهادٌ في سَبِيلِهِ، قُلْتُ: فَأَيُّ الرِّقابِ أفْضَلُ؟ قالَ: أعْلاها ثَمَنًا، وأنْفَسُها عِنْدَ أهْلِها،.........  قالَ: فإنْ لَمْ أفْعَلْ؟ قالَ: تَدَعُ النّاسَ مِنَ الشَّرِّ، فَإنَّها صَدَقَةٌ تَصَدَّقُ بِها عَلى نَفْسِكَ (صحيح البخاري)

അബൂദർ (റ) നബി (സ്വ) യോട് ചോദിച്ചു; ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനം ഏതാണ്? അല്ലാഹുവിലുള്ള വിശ്വാസവും അവന്റെ മാർഗത്തിലുള്ള ജിഹാദും. ഏറ്റവും ശ്രേഷ്ഠമായ അടിമ മോചനം ഏതാണ്? യജമാനന്റെ അടുക്കൽ പ്രിയപ്പെട്ടതും വിലപ്പിടിച്ചതുമായ അടിമയെ മോചിപ്പിക്കൽ. ചില പ്രവർത്തനങ്ങൾ ചെയ്യാൻ പറ്റാതെ ആയാൽ ഞാൻ എന്താണ് ചെയ്യേണ്ടത്?  നബി (സ്വ) പറഞ്ഞത് ജനങ്ങളിൽ നിന്ന് നിന്റെ ഉപദ്രവത്തെ നീ തടയുക. അത് നീ നിനക്ക് തന്നെ ചെയ്യുന്ന ഒരു സ്വദഖയാണ്.

❖ **എന്താണ് ഈ ഹദീസ് പഠിപ്പിക്കുന്നത്?**

- നാം കാരണം മറ്റുള്ളവർ പ്രയാസപ്പെടരുത്.

- അത്തരം ഒരു സാഹചര്യം ഒരുക്കുന്നത് നമുക്ക് പ്രതിഫലം ലഭിക്കുന്ന കാര്യമാണ്.
- എന്നാൽ ആരാധനകളിൽ താൽപര്യം കാണിക്കുന്ന ചിലരുണ്ട്. അവർ അയൽവാസികളെ ഉപദ്രവിക്കുന്നു. മറ്റുള്ളവർക്ക് ദ്രോഹം ചെയ്യുന്നു.
- അതിൽ അവർക്ക് യാതൊരു പ്രയാസവും തോന്നുന്നില്ല.

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قِيلَ: يَا رَسُولَ اللهِ! إِنَّ فُلَانَةَ تُصَلِّي اللَّيْلَ، وَتَصُومُ النَّهَارَ، وَتَصَّدَّقُ، وَفِي لِسَانِهَا شَيْءٌ يُؤْذِي جِيرَانَهَا. فَقَالَ: لَا خَيْرَ فِيهَا، هِيَ فِي النَّارِ. (الْبُخَارِيُّ)

അബൂഹുറൈറ (റ) വിൽനിന്നും നിവേദനം. നബി (സ്വ) യോട് ഒരാൾ ചോദിച്ചു. ഒരു സ്ത്രീ രാത്രി നമസ്കരിക്കുകയും പകൽ നോമ്പെടുക്കുകയും സ്വദഖ നൽകുകയും ചെയ്യുന്നു. എന്നാൽഅവൾ നാവു കൊണ്ട് അയൽ വാസികളെ ഉപദ്രവിക്കുന്നു. (അവളുടെ അവസ്ഥ എന്താണ്?) അദ്ദേഹം പറഞ്ഞു. അവളിൽ ഒരു നന്മയും ഇല്ല, അവൾ നരകത്തിലാണ്.

❖ **മറ്റുള്ളവരെ ഉപദ്രവിക്കുന്നത് വൻ പാപമാണ്.**

وَالَّذِينَ يُؤْذُونَ الْمُؤْمِنِينَ وَالْمُؤْمِنَاتِ بِغَيْرِ مَا اكْتَسَبُوا فَقَدِ احْتَمَلُوا بُهْتَانًا وَإِثْمًا مُّبِينًا ﴿ الأحزاب :٥٨﴾

- ഒരാൾക്ക് ദീൻ കുറവാണ് എന്നുള്ളതിന്റെ തെളിവാണ് മറ്റുള്ളവരെ ഉപദ്രവിക്കുക എന്നത്.
- ഒരാൾക്ക് ദീൻ ഉണ്ട് എന്നതിന്റെയും അയാളുടെ ഈമാൻ സത്യസന്ധമാണ് എന്നതിന്റെയും തെളിവാണ് അയാൾ മറ്റുള്ളവരെ ഉപദ്രവിക്കാതിരിക്കുക എന്നത്.
- മറ്റുള്ളവരെ സഹായിക്കാത്തവരെ അല്ലാഹു ആക്ഷേപിക്കുന്നുണ്ട്.

إِنَّهُۥ كَانَ لَا يُؤْمِنُ بِٱللَّهِ ٱلْعَظِيمِ – وَلَا يَحُضُّ عَلَىٰ طَعَامِ ٱلْمِسْكِينِ (٦٩/٣٣-٣٤)

❖ **ആരാണ് ശ്രേഷ്ഠനായ വിശ്വാസി?**

عن جابر بن عبدالله :اَلْمُسْلِمُ مَن سَلِمَ المُسْلِمُونَ مِن لِسانِهِ ويَدِهِ. (مسلم)

മുസ്ലിംങ്ങളിൽ ഉത്തമർ ആരാണ്? അദ്ദേഹം പറഞ്ഞു; ആരുടെ കൈയ്യിൽ നിന്നും നാവിൽ നിന്നുമാണോ മുസ്ലിംങ്ങൾ രക്ഷപ്പെട്ടത് അവനാണ് ഉത്തമൻ.

❖ **ഇമാം ബഗ്‌വി (റഹി) പറഞ്ഞു;**

قال الإمام البغوي رحمه الله تعالى: أَفْضَلُ المُسْلِمِينَ مَن جَمَعَ إلى أداءِ حُقُوقِ اللَّهِ تَعالى أداءَ حُقُوقِ المُسْلِمِينَ، والكَفَّ عَنْ أعْراضِهِمْ،

ഏറ്റവും നല്ല മുസ്ലിം അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുന്നതോടു കൂടി മുസ്ലിംങ്ങളോടുള്ള കടമകൾ കൂടി നിർഹിക്കുന്നവനാണ്.. അവരോടുള്ള ഉപദ്രവങ്ങൾ തടയുകയും ചെയ്യുവനാണ്.

❖ **പ്രയാസങ്ങൾ നീക്കുന്നത് സ്വർഗ പ്രവേശനത്തിന് കാരണം.**

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم: مَرَّ رَجُلٌ بِغُصْنِ شَجَرَةٍ عَلَى ظَهْرِ طَرِيقٍ فَقَالَ وَاللَّهِ لأُنَحِّيَنَّ هَذَا عَنِ الْمُسْلِمِينَ لاَ يُؤْذِيهِمْ . فَأُدْخِلَ الْجَنَّةَ

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം:റസൂൽ(സ്വ) പറഞ്ഞു:ഒരാൾ വഴിയിൽ കിടക്കുന്ന ഒരു മരക്കൊമ്പിന്റെ സമീപത്ത് കൂടി നടന്നുപോയി. എന്നിട്ട് പറഞ്ഞു: അല്ലാഹുവാണെ, മുസ്ലിംകൾ നടക്കുന്ന പാതയിൽ നിന്ന് അവർക്ക് ഉപദ്രവം ഉണ്ടാകാതിരിക്കാൻ ഇത് ഞാൻ എടുത്ത് മാറ്റും. അങ്ങനെ അയാൾ സ്വർഗത്തിൽ പ്രവേശിച്ചു. (മുസ്ലിം)

- എന്തു കൊണ്ട് അയാൾക്ക് സ്വർഗം ലഭിച്ചു.? ജനങ്ങൾക്കുണ്ടാകുന്ന ഒരു പ്രയാസം നീക്കി.

❖ **വഴിയിൽ നിന്ന് ഉപദ്രവം നീക്കുന്നത് സ്വദഖയാണ്.**

عَنْ أَبِي ذَرٍّ، عَنِ النَّبِيِّ صلى الله عليه وسلم قَالَ عُرِضَتْ عَلَىَّ أَعْمَالُ أُمَّتِي حَسَنُهَا وَسَيِّئُهَا فَوَجَدْتُ فِي مَحَاسِنِ أَعْمَالِهَا الأَذَى يُمَاطُ عَنِ الطَّرِيقِ

അബൂദർറിൽ(റ) വിൽ നിന്ന് നിവേദനം : നബി ﷺ പറഞ്ഞു:എന്റെ സമുദായത്തിന്റെ നൻമകളും തിന്മകളും എനിക്ക് പ്രദർശിക്കപ്പെട്ടു. വഴിയിൽ നിന്ന് ഉപദ്രവം നീക്കം ചെയ്യുന്നത് അവരുടെ പുണ്യകർമ്മങ്ങളുടെ കൂട്ടത്തിലായി ഞാൻ ദർശിച്ചു ...... (മുസ്ലിം)

❖ **വഴിയിലേക്ക് ഉപദ്രവം എറിയൽ തിന്മയാണ്.**

وإذا كانت إماطة الأذى عن الطريق صدقة فإن إلقاء الأذى في الطريق سيئة

വഴിയിൽ നിന്നും ഉപദ്രവം നീക്കൽ സ്വദഖയാണെങ്കിൽ തീർച്ചയായും വഴിയിൽ ഉപദ്രവം വലിച്ചെറിയൽ തിന്മയാണ്. (ശറഹു രിയാളുസ്വാലിഹീൻ)

❖ **മറ്റുള്ളവരെ വേദനിപ്പിച്ചാൽ...**

عَنْ أَبِي بَرْزَةَ الأَسْلَمِيِّ قالَ: نادى رَسُولُ اللَّهِ ﷺ يا مَعْشَرَ مَن آمَنَ بِلِسانِهِ، ولَمْ يَدْخُلِ الإيمانُ قَلْبَهُ لا تَغْتابُوا المُسْلِمِينَ، ولا تَتَّبِعُوا عَوْراتِهِمْ؛ فَإنَّهُ مَن يَتَّبِعْ عَوْرَةَ أخِيهِ يَتَّبِعِ اللَّهُ عَوْرَتَهُ حَتّى يَفْضَحَهُ فِي بَيْتِهِ (أبو داود)

അബു ബർസ (റ) വിൽ നിന്നും നിവേദനം; നബി (സ്വ) വിളിച്ചു പറഞ്ഞു; നാവു കൊണ്ട് വിശ്വസിക്കുകയും ഈമാൻ ഹൃദയത്തിൽപ്രവേശിക്കാതിരിക്കുകയും ചെയ്തവരെ, നിങ്ങൾ മുസ്ലിംങ്ങളെ ആക്ഷേപിക്കരുത്. അവരുടെ രഹസ്യങ്ങൾ പിന്തുടരരുത്. ആരെങ്കിലും തന്റെ സഹോദരന്റെ രഹസ്യങ്ങളെ പിന്തുടർന്നാൽ അല്ലാഹു അവന്റെ രഹസ്യങ്ങളെ പിന്തുടരുകയും അവന്റെ വീട്ടിൽ വെച്ച് അവനെ അപമാനിതനാക്കുകയും ചെയ്യും.

❖ **ഫുദൈൽ ഇബ്നു ഇയാദ് (റഹി) പറഞ്ഞു;**

قال الفُضَيل: واللهِ ما يَحِلُّ لك أن تؤذيَ كلبًا ولا خنزيرًا بغير حقٍّ؛ فكيف تُؤذي مسلمًا؟!

ഒരു നായയെയോ പന്നിയെയോ അകാരണമായി ഉപദ്രവിക്കാൻ പാടില്ല. അപ്പോൾ പിന്നെ എങ്ങനെയാണ് ഒരു മുസ്ലിമിനെ ഉപദ്രവിക്കുക.?

❖ **യഹ്‌യ ഇബ്നു മുആദ് (റഹി) പറഞ്ഞു;**

لِيَكُنْ حَظُّ الْمُؤمِنِ مِنكَ ثَلاثةٌ:إنْ لَمْ تَنْفَعْهُ فَلا تَضُرَّهُ، وإنْ لَمْ تُفْرِحْهُ فَلا تَغُمَّهُ، وإنْ لَمْ تَمْدَحْهُ فَلا تَذُمَّهُ

ഒരു വിശ്വാസിക്ക് നിന്നിൽ നിന്നുള്ള ഓഹരി മൂന്ന് കാര്യങ്ങൾ ആവട്ടെ.

1. നീ അവന് ഉപകാരം ഒന്നും ചെയ്തില്ലെങ്കിലും ഉപദ്രവിക്കാതിരിക്കുക
2. സന്തോഷിപ്പിച്ചില്ലെങ്കിലും ദുഖിപ്പിക്കാതിരിക്കുക
3. പുകഴ്ത്തിയില്ലെങ്കിലും ഇകഴ്ത്താതിരിക്കുക.

**മറ്റുള്ളവർക്ക് പ്രായസം ഉണ്ടാക്കുന്ന കാര്യങ്ങളിൽ നിന്നും അകന്നു നിൽക്കുക.**

- മറയില്ലാത്ത കിണറുകൾ, കുഴൽ കിണറുകൾ (സംഭവിക്കുന്ന അപകടങ്ങൾ)
- റോഡുകളിലെ കുഴികൾ കൊണ്ട് സംഭവിക്കുന്ന പ്രയാസങ്ങൾ
- പുകവലിച്ച് അത് വലിച്ചെറിയുന്നു.
- **നബി (സ്വ) നൽകിയ താക്കീതുകൾ**

**1. കെട്ടി നിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കരുത്.**

عَنْ جَابِرٍ عَنِ النَّبِيِّ ﷺ : أَنَّهُ نَهَى عَنِ الْبَوْلِ فِي الْمَاءِ الرَّاكِدِ

**2. ശാപം ലഭിക്കുന്ന കാര്യങ്ങളെ സൂക്ഷിക്കുക.**

مُعَاذٌ، قَالَ: قَالَ رَسُولُ اللهِ ﷺ :اتَّقُوا الْمَلَاعِنَ الثَّلَاثَةَ: الْبَرَازَ فِي الْمَوَارِدِ، وَقَارِعَةِ الطَّرِيقِ، وَالظِّلِّ

ശാപം കൊണ്ടുവരുന്ന രണ്ടാളുകളുടെ (പ്രവൃത്തി) നിങ്ങൾ സൂക്ഷിക്കുക. അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ആരാണ് ശാപം കൊണ്ടുവരുന്ന രണ്ടാളുകൾ? ജനങ്ങൾ സഞ്ചരിക്കുന്ന വഴിയിലും വിശ്രമിക്കുന്ന തണലിലും വിസർജ്ജിക്കുന്നവർ.

**3. അമ്പുമായി പള്ളിയിലോ അങ്ങാടിയിലോ വന്നാൽ...**

عَنْ أَبِي مُوسَى الأَشْعَرِيِّ رَضِيَ اللهُ عَنْهُ، أَنَّ رَسُولَ اللَّهِ ﷺ قَالَ :مَنْ مَرَّ فِي شَيْءٍ مِنْ مَسَاجِدِنَا أَوْ أَسْوَاقِنَا وَمَعَهُ نَبْلٌ فَلْيُمْسِكْ أَوْ قَالَ: فَلْيَأْخُذْ، أَوْ: لِيَقْبِضْ عَلَى نِصَالِهَا بِكَفِّهِ؛ أَنْ يُصِيبَ أَحَدًا مِنَ الْمُسْلِمِينَ مِنْهَا بِشَيْءٍ .(مُتَّفَقٌ عَلَيْهِ)

അബൂമൂസയി(റ)ൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: “നമ്മുടെ പള്ളിയിലൂടെയോ അങ്ങാടിയിലൂടെയോ ആരെങ്കിലും അമ്പുമായി കടന്നുപോവുകയാണെങ്കിൽ ആർക്കും അതു

കൊണ്ട് ഒരു പരിക്കും പറ്റാതിരിക്കാൻ അതിന്റെ മൂർച്ചയുള്ള ഭാഗമായ വായ്ത്തല കൈകൊണ്ട് മറച്ച് പിടിക്കട്ടെ." (ബുഖാരി)

**4. ഒരാളെ മാറ്റി രഹസ്യം പറയരുത്.**

وَعَنْ عَبْدِ اللهِ بْنِ مَسْعُودٍ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ ﷺ :إِذَا كُنْتُمْ ثَلَاثَةً فَلَا يَتَنَاجَى اثْنَانِ دُونَ الْآخَرِ حَتَّى تَخْتَلِطُوا بِالنَّاسِ؛ مِنْ أَجْلِ أَنَّ ذَلِكَ يُحْزِنُهُ .(أَخْرَجَهُ الشَّيْخَانِ)

**5. ഉള്ളിയോ വെളുത്തുള്ളിയോ കഴിച്ച് പള്ളിയിൽ വരരുത്.**

عَنْ جابِرٍ، عَنِ النَّبِيِّ ﷺ قالَ :مَن أكَلَ مِن هَذِهِ البَقْلَةِ الثُّومِ وقالَ مَرَّةً :مَن أكَلَ البَصَلَ والثُّومَ أوِ الكُرّاثَ فَلا يَقْرَبَنَّ مَسْجِدَنا؛ فَإنَّ المَلائِكَةَ تَتَأذّى مِمّا يَتَأذّى مِنهُ بَنُو آدَمَ

- മനുഷ്യന് പ്രയാസമുണ്ടാകുന്നതെല്ലാം മലക്കുകൾക്കും പ്രയാസമുണ്ടാക്കും.
- പുകവലിക്കുന്നവർ ആലോചിക്കുക

**ഈ ഖുത്തുബ നമുക്ക് നൽകുന്ന പാഠം .**

- ആളുകൾക്ക് ഉപദ്രവമുണ്ടാകുന്ന കാര്യങ്ങൾ ജീവിതത്തിൽ നിന്ന് ഒഴിവാക്കുക
- വാക്കുകൾ, പ്രവർത്തികൾ ഇതു കൊണ്ടൊന്നും ആരെയും ദ്രോഹിക്കാതിരിക്കുക

عَنْ يَحْيَى بْنِ وَثَّابٍ، عَنْ رَجُلٍ مِنْ أَصْحَابِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ، قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: «الْمُؤْمِنُ الَّذِي يُخَالِطُ النَّاسَ، وَيَصْبِرُ عَلَى أَذَاهُمْ أَفْضَلُ مِنَ الْمُؤْمِنِ الَّذِي لَا يُخَالِطُ النَّاسَ وَلَا يَصْبِرُ عَلَى أَذَاهُمْ

ജനങ്ങളോട് ഇടപഴകുകയോ അവരുടെ ഉപദ്രവങ്ങൾ ക്ഷമിക്കുകയോ ചെയ്യാത്ത ആളെക്കാൾ ഉത്തമൻ ജനങ്ങളോട് ഇടപഴകുകയും അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയും ചെയ്യുന്ന വിശ്വാസിയാണ്.

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

https://sufaraulislam.com/index